# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5624 24/05/2017-ൽ മറുപടിക്ക്

## റീജിയണൽ ക്യാൻസർ സെന്ററിലെ ജീവനക്കാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) റീജിയണൽ ക്യാൻസർ സെന്ററിലെ ജീവനക്കാരെ നിയമിക്കുന്നത് എന്തടിസ്ഥാനത്തിലാണ് | എ) 05/05/2010, 01/09/2011 എന്നീ തീയതികളിലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനപ്രകാരം ആർ.സി.സിയിൽ 9300-34800 + ഗ്രേഡ്പേ 4600/- ന് മുകളിൽ പേബാന്റ് വരുന്ന നോൺ അക്കാഡമിക് തസ്തികകളിൽ ഒഴിവു വരുന്ന തസ്തികകളിലേയ്ക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ലഭിക്കുന്ന അപേക്ഷകരെ ഉൾപ്പെടുത്തിക്കൊണ്ട് ആർ.സി.സിക്ക് പുറത്തുള്ള സർക്കാർ ഏജൻസികളെക്കൊണ്ട് എഴുത്തു പരീക്ഷ നടത്തി ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി പിൻതുടരുന്ന സംവരണ തത്വം പാലിച്ചു കൊണ്ടാണ് നിയമനം നടത്തുന്നത്. ഗ്രേഡ്പേ 4600/- രൂപ വരെയുള്ള നോൺ അക്കാഡമിക് തസ്തികകളിലേയ്ക്ക് വരുന്ന ഒഴിവുകളുടെ 50% ആർ.സി.സിയിൽ സ്ഥിരമായോ, താൽക്കാലികമായോ, ദിവസവേതനത്തിലോ, പ്രോജക്ടിലോ ജോലി നോക്കുന്ന നിശ്ചിത യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും മാത്രം അപേക്ഷ ക്ഷണിച്ച്, എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സംവരണതത്വം പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്. ബാക്കിയുള്ള 50% ഒഴിവുകൾ ടെക്നിക്കൽ വിഭാഗത്തിന് ഓപ്പൺ റിക്രൂട്ട്മെന്റ് വഴിയും മിനിസ്റ്റീരിയൽ വിഭാഗത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ആണ് നിയമനം നടത്തുന്നത്. എല്ലാ വിഭാഗം തസ്തികകളിലേയ്ക്കും എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി പിൻതുടരുന്ന സംവരണതത്വം പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്. ആർ.സി.സിയിലെ അക്കാഡമിക് തസ്തികയിലേയ്ക്കുള്ള നിയമനം ആർ.സി.സിയിൽ നിലവിലുള്ള ചട്ടപ്രകാരം ഓപ്പൺ റിക്രൂട്ട്മെന്റ് മുഖേനയാണ് നടത്താറുള്ളത്. |
| ബി) ഈ നിയമനങ്ങൾ പി എസ് സി വഴിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ബി) നോൺ - അക്കാഡമിക് ജീവനക്കാരെ പി.എസ്.സി വഴി നിയമിക്കുന്നതിന് ആർ.സി.സി സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ